# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1415** **08.02.2013-ൽ മറുപടിക്ക്**

## റോളർ ഡ്രൈവർ, ക്ലീനർ തസ്തിക പുനർവിന്യാസം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി. ഗീതാ ഗോപി: | | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പു മന്ത്രി) | |
| (എ) | പൊതുമരാമത്ത് വകുപ്പിലെ റോളർ ഡ്രൈവർ, ക്ലീനർ തസ്തിക മോട്ടോർ വാഹന വകുപ്പിലേക്ക് പുനർവിന്യസിക്കുന്ന നടപടികളിലെ നിലവിലെ പുരോഗതി വ്യക്തമാക്കുമോ; | (എ) | പൊതുമരാമത്ത് വകുപ്പിലെ റോളർ ഡ്രൈവർ, ക്ലീനർ തസ്തികകൾ മോട്ടോർ വാഹന വകുപ്പിലേക്ക് പുനർവിന്യസിക്കുന്ന കാര്യം പരിഗണിക്കുവാൻ കഴിയില്ല എന്ന് പ്രസ്തുത വകുപ്പ് അറിയിച്ചിട്ടുണ്ട്. |
| (ബി) | ഇതു സംബന്ധിച്ച് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സ്വീകരിച്ച നടപടികളും 2011 ആഗസ്റ്റ് മാസത്തിൽ വകുപ്പു സെക്രട്ടറി തലത്തിൽ എടുത്ത തീരുമാനവും വിശദീകരിക്കുമോ ; | (ബി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇവരെ പുനർവിന്യസിക്കുന്ന കാര്യം പരിഗണിച്ചിരുന്നെങ്കിലും 26.08.2011-ലെ വകുപ്പുതല തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ധനവകുപ്പിന്റെ അംഗീകാരത്തിന് വിധേയമായി മാത്രം തുടർ നടപടികൾ സ്വീകരിച്ചാൽ മതിയെന്ന് തീരുമാനിക്കുകയുണ്ടായി. |
| (സി) | പൊതുമരാമത്ത് വകുപ്പിൽ റോളർ ഡ്രൈവർ, ക്ലീനർ തസ്തികയിലുള്ള ജീവനക്കാർക്ക് ജോലി ഇല്ലാത്ത സാഹചര്യത്തിൽ ഉണ്ടാകുന്ന സാമ്പത്തിക ബാധ്യത ഒഴിവാക്കാൻ പ്രസ്തുത ജീവനക്കാരെ മോട്ടോർ വാഹന വകുപ്പിലേക്ക് പുനർവിന്യസിപ്പിക്കുന്ന നടപടി അടിയന്തിരമായി നടപ്പിലാക്കുമോ ? | (സി) | പൊതുമരാമത്ത് വകുപ്പിലെ റോളർ ഡ്രൈവർ, ക്ലീനർ തസ്തികകൾ മോട്ടോർ വാഹന വകുപ്പിലേക്ക് പുനർവിന്യസിക്കുന്ന കാര്യം പരിഗണിക്കുവാൻ കഴിയുകയില്ല എന്ന് ഗതാഗത വകുപ്പ് തീരുമാനിച്ച സാഹചര്യത്തിൽ പൊതുമരാമത്ത് വകുപ്പിൽ വർക്കിംഗ് കണ്ടീഷനിലുള്ള റോളറുകൾ ലഭ്യമായ ഇടങ്ങളിൽ ഇപ്പോഴും റോളർ ഡ്രൈവർമാരുടെയും ക്ലീനർമാരുടെയും സേവനം വകുപ്പിൽ ഉപയോഗപ്പെടുത്തുന്നുണ്ട്. കൂടാതെ റോഡ് റോളറുകൾ ഉപയോഗ ശൂന്യമായ ഓഫീസുകളിൽ നിലവിലുള്ള ഡ്രൈവർമാരേയും ക്ലീനർമാരേയും വകുപ്പിൽ തന്നെ മറ്റ് ജോലികൾക്ക് നിയോഗിച്ചു വരുന്നുണ്ട്. |

Sobha V

സെക്ഷൻ ഓഫീസർ